## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.433 — 29.05.2019-ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

ശ്രീ.കെ.മുരളീധരൻ

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പമന്ത്രി

### സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

| | | |
|---|---|---|
| (എ) | 2019 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി 2018-19-ലെ അവസാന പാദത്തിലെ സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ കേന്ദ്ര സർക്കാർ വെട്ടികുറച്ചത് സാമ്പത്തിക ഞെരുക്കം പൊതുവിൽ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷാവസാനം പതിവ് ക്രമീകരണങ്ങൾക്കപ്പുറം മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; | ട്രഷറി അക്കൗണ്ടുകളിലേക്ക് ഫണ്ട് സമാഹരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി, പ്രധാനമായി ഉത്സവ സീസണുകളിൽ, ഊർജ്ജിത ധനസമാഹരണ യജ്ഞം കാലാകാലങ്ങളായി നടത്തിപ്പോരുന്നുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം കഴിഞ്ഞ സാമ്പത്തിക |

| | | |
|---|---|---|
| (സി) | അപ്രകാരം എത്ര കോടി രൂപ നിക്ഷേപമായി ലഭിച്ചുവെന്ന് അറിയിക്കാമോ; | വർഷവും ട്രഷറിയിലേക്ക് ഫണ്ട് സമാഹരിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ബോർഡുകളും സഹകരണ സംഘങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും പങ്കെടുക്കാറുണ്ട്. 2019 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും 393,23,00,000/-(മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി ഇരുപത്തി മൂന്നു ലക്ഷം) രൂപ നിക്ഷേപമായി ട്രഷറിയിൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്ററി മാനേജ്മെന്റ് ആക്ട് പ്രകാരം സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി. യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ട്രഷറി നിക്ഷേപങ്ങൾ തുടങ്ങിയ പബ്ലിക് അക്കൗണ്ട് കണക്കുകൾ കൂടി ഇപ്രകാരം 2016-17 മുതൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന വാർഷിക വായ്പാ പരിധിയിൽ കൊണ്ടുവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ